# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2022
മെയ് 22


## ഉയർപ്പ് ആറാം ഞായർ



# സ്നേഹത്തിന്റെ സുവിശേഷം

ഉല്പ 9:8-17, റോമാ 8:1-11, യോഹ 5:19-29

സമാന്തര സുവിശേഷങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമായ ഒരു പ്രതിപാദന രീതിയാണ് യോഹന്നാൻ ശ്ലീഹായുടേത് എന്ന് നമുക്കറിയാം. മറ്റു മൂന്നു സുവിശേഷകരിൽ നിന്നും വ്യത്യസ്തമായി ദൈവപുത്രനായ മിശിഹാ കേന്ദ്രീകൃതമായ രചനാ രീതിയാണ് സുവിശേഷകന്റേത്. ഈ സുവിശേഷം, അരൂപിയുടെ സുവിശേഷം, സ്നേഹത്തിന്റെ സുവിശേഷം, വിശ്വാസത്തിന്റെ സുവിശേഷം, ജീവന്റെ സുവിശേഷം എന്നിങ്ങനെ അപരനാമങ്ങളിലും അറിയപ്പെടുന്നുണ്ട്. മിശിഹാ, ദൈവപുത്രൻ എന്നീ രണ്ട് സംബോധനകൾ യോഹന്നാൻ ശ്ലീഹാ തെരഞ്ഞെടുത്ത് കൂടെ കൂടെ ഉപയോഗിച്ചിരിക്കുന്നത് ഒരു പ്രത്യേക ലക്ഷ്യത്തോടുകൂടിയാണ് എന്ന് പഠനങ്ങൾ പറയുന്നു. ഇന്നത്തെ വായനയിലും, ദൈവപിതാവിന്റെ ജീവനിൽ പങ്കുചേരുന്ന ദൈവ പുത്രനായ മിശിഹായാണ് യേശു വെന്നു പഠിപ്പിക്കുക എന്ന ലക്ഷ്യമാണ് നിറവേറ്റപ്പെടുന്നത്.

### അർത്ഥം നഷ്ടപ്പെട്ട സാബത്തുകൾ

ജെറുസലെമിലേക്ക് തിരുന്നാളിനായി ഈശോ എത്തുന്ന രംഗമാണ് ആദ്ധ്യായത്തിന്റെ ആരംഭം. മുപ്പത്തെട്ട് വർഷം രോഗബാധിതനായി കിടന്നിരുന്ന ഒരു മനുഷ്യനെ, ഈശോ കുളക്കടവിനരുകിൽ കാണുകയും സുഖപ്പെടുത്തുകയും ചെയ്യുന്നു. സുഖം പ്രാപിച്ച മനുഷ്യൻ താൻ കിടന്നിരുന്ന കിടക്കയുമെടുത്ത് കുളക്കരയിൽ നിന്ന് നടന്നു നീങ്ങി. ബെദ്സേഥാ കുളക്കടവിലെ ഈ രോഗശാന്തി കഥയായും കവിതയായും നാട്യമായും ഒരുപാടാവർത്തി നമ്മൾ കേട്ടിട്ടുണ്ട്.

ഈ രോഗസൗഖ്യം, അർഹിക്കുന്നതിൽ കൂടുതൽ രസക്കൂട്ട് ചേർത്ത് പ്രചരിപ്പിക്കപ്പെട്ടതിനാൽ,ശ്രദ്ധിക്കപ്പെടാതെ പോയ കുറച്ച് വചനങ്ങൾ ഉണ്ട്. സൗഖ്യം നൽകിയതും, കിടപ്പിലായിരുന്ന രോഗി കിടക്കയെടുത്ത് നടന്ന് നീങ്ങിയതും ജോലികൾ നിഷിദ്ധമായ ദിവസമായിരുന്നത്രെ. ദൈവാരാധനക്കായി മാത്രം മാറ്റി വയ്ക്കപ്പെട്ട - വിശ്രമ ദിനമായ - സാബത്തായിരുന്നു അന്ന്. വിശ്രമ ദിനത്തിൽ പ്രവൃത്തികൾ ചെയ്തത് വഴി രോഗിയും വൈദ്യനും നിയമം ലംഘിച്ചിരിക്കുന്നു!

സാബത്ത് ലംഘനമെന്ന ചെറിയ തെറ്റ് ആരോപിച്ച യഹൂദരുടെ മുന്നിൽ മുന്നിൽ ഈശോ തന്റെ സ്വത്വം വെളിപ്പെടുത്തുകയാണ്: 'താൻ ദൈവപുത്രനാണ്'. ഈശോയെ വധിക്കാൻ കാരണം അന്വേഷിച്ച യഹൂദർക്ക് മുന്നിൽ ഒരു തക്ക കാരണം ലഭിച്ചിരിക്കുന്നു!




മരിയ റാൻസം

## പുത്രാധികാരം

തന്നെ കുരുക്കാൻ കെണിയൊരുക്കുന്ന യഹൂദരോടെന്ന വിധം , തുടർന്ന് ഈശോ പറയുന്ന വാക്കുകളാണ് ഇന്നത്തെ വിചിന്തന വിഷയം . 'പിതാവ് ചെയ്ത് കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവൃത്തിക്കുവാൻ സാധിക്കുകയില്ല. പിതാവ് ചെയ്യുന്നതെല്ലാം അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു'. തലമുറകളിലൂടെ പകർന്ന് കിട്ടിയ വിശ്വാസ വെട്ടത്തിലിരുന്ന് ഈ വചനങ്ങൾ വായിക്കുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനെയും അവിടുത്തെ ഹിതം മാത്രം നിറവേറ്റിയ പുത്രനായ മിശിഹായേയും കുറഞ്ഞ അളവിലെങ്കിലും നമുക്ക് പിടുത്തം കിട്ടുന്നുണ്ട്. എന്നാൽ മനുഷ്യരാശിയുമായുള്ള ഇടപെടലുകളിൽ ക്ഷിപ്രകോപിയായ ദൈവത്തെ കുറിച്ച് മാത്രം കേട്ടിട്ടുള്ള യഹൂദ ജനവിഭാഗത്തിന് ദൈവീക കരുണ എന്നത് വിശ്വസനീയമായിരുന്നില്ല എന്ന് തോന്നുന്നു. ഒരു പക്ഷേ പഴയ നിയമത്തിൽ, മനുഷ്യനു മേലുള്ള ദൈവീക കരുതലിനെ അവതരിപ്പിക്കപ്പെട്ടതിൽ വന്ന പിഴവവാകാം കാരണം. സാബത്ത് ദൈവാരാധനക്ക് വേണ്ടിയുള്ള ദിനമെന്ന് പറയുമ്പോഴും, അതിനൊരു മറുവശം കൂടി ഉണ്ടായിരുന്നല്ലോ — മനുഷ്യനു നിർബന്ധമായും കൊടുക്കുന്ന ഒരു വിശ്രമ ദിനം കൂടിയായിരുന്നില്ലേ സാബത്ത് ! ഏഴാം ദിനം വിശ്രമമെന്ന് പറയുമ്പോൾ ഓർക്കണം, അങ്ങിനെ അല്ലായിരുന്നു എങ്കിൽ 365 ദിവസവും കഠിനാധ്വാനം മാത്രമാകുമായിരുന്നു, ഭൂരിപക്ഷം മനുഷ്യരുടെയും ജീവിതം. ദൈവീക കൽപ്പനകളിലെ സ്നേഹ കരുതൽ പകർപ്പെഴുത്തുകളിലൂടെ നഷ്ടപ്പെട്ട് പോയതുമാവാം.

## കാതൽ നഷ്ടമായ കൽപ്പനകൾ

കാലിനു നീളം കുറഞ്ഞ കുട്ടിക്കാലത്തിന്റെ വലിയ വിനോദമായിരുന്നു, കട്ടിലിൽ ഇരുന്ന് കാലാട്ടുക എന്നത് . കാലാട്ടി തുടങ്ങുമ്പോഴേ അമ്മാമ്മ പറയും 'കട്ടിലേൽ ഇരുന്നു കാലാട്ടിയാൽ അമ്മേടെ ആങ്ങളക്ക് ദോഷം വരും'. കുറച്ച് മുതിർന്നപ്പോഴാണ് പിടികിട്ടിയത്, കുഞ്ഞിക്കാലു തട്ടി കട്ടിലിനടയിലുള്ള കോളാമ്പി മറിയാതിരിക്കാൻ അമ്മാമ്മ പ്രയോഗിച്ച അടവായിരുന്നത്രെ ഈ ദോഷ പ്രവചനം. കുഞ്ഞിന് ഏറ്റമടുപ്പമുള്ളത് അമ്മയുടെ ആങ്ങളയോട് എന്നത് കാര്യങ്ങൾ എളുപ്പമാക്കി. മനുഷ്യരെ വരുതിയിൽ നിർത്താനായി മാനുഷിക ബുദ്ധിയിൽ ഉദയം കൊണ്ട ഇത്തരം അടവുനയങ്ങളുടെ കടയ്ക്കൽ ഈശോ കോടാലി വീഴ്ത്തുന്നു. കാരണം അവൻ മിശിഹായാണ് . പിതാവിന്റെ ഹിതം അറിയുന്ന പുത്രൻ.

പിന്നീട് വായിക്കുന്ന വചനങ്ങളിലെല്ലാം പതിവില്ലാത്ത വിധം അധികാരത്തിന്റെ ഭാഷയാണ് കാണുന്നത്. അയക്കപ്പെട്ടവന്റെ അധികാര ഭാഷ. അധികാര ഭാഷയിലും പ്രവൃത്തിയിലും അന്തർലീനമായ സ്നേഹം വരികൾക്കിടയിലൂടെ വായിച്ചെടുക്കാനാകും.

മുപ്പത്തിയെട്ട് വർഷമായി കിടപ്പിലായ ഒരുവനെ ശ്രദ്ധിക്കാതിരുന്ന മനുഷ്യർ അവൻ സ്വന്തം കിടക്കയെടുത്ത് നടക്കുന്നത് സാബത്ത് ദിനത്തിലാണെന്ന് ശ്രദ്ധിക്കുന്നു . കാണേണ്ടവയെ കാണേണ്ടതു പോലെ കാണാൻ ഉന്നതങ്ങളിൽ നിന്നും അധികാരം ലഭിച്ചവന് മാത്രം കഴിയുന്നു.

സ്വയം മാറി നടക്കുകയും അങ്ങിനെ മാറി നടക്കാൻ തന്റെ കാലത്തെ പ്രേരിപ്പിക്കുകയും ചെയ്തതാണ് ഈശോയുടെ കർമ്മം . പിതാവിന്റെ മനസറിഞ്ഞ - ദൈവഹിതമറിഞ്ഞ - പുത്രൻ ലോകത്തോട് പറഞ്ഞതെല്ലാം ദൈവേഷ്ടം മാത്രമാണ്. കൂട്ടത്തിൽ നിന്നവൻ വ്യതിരിക്തനായതും ഈ ഒരൊറ്റ കാരണം കൊണ്ട് മാത്രമാണ്. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും നീതിയിലും ന്യായത്തിലും ബന്ധങ്ങളിലും കർമ്മങ്ങളിലും അവൻ പഠിപ്പിച്ചത് പിതാവിന്റെ ഹിതങ്ങളെ കുറിച്ച് മാത്രമാണ്.

അമിത ഭാഷണവും ആരവവും തൊങ്ങലുകളും കൊണ്ട് മുഖരിതമായ പ്രാർത്ഥനാ സങ്കൽപ്പത്തെ അവൻ പൊളിച്ചെഴുതി — സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ — ബാക്കി എല്ലാം നിലനിൽപ്പിനായ് മനുഷ്യർ വീണ്ടും കൂട്ടിച്ചേർത്തതല്ലേ? ഉപവസിക്കുമ്പോൾ മുഖത്ത് ഫൗണ്ടേഷനിടാം മുടി ഐയേൺ ചെയ്യാം, ശരീരം കൊണ്ടല്ല ഉപവസിക്കേണ്ടതത്രെ. നൽകുമ്പോളും ഇപ്രകാരം തന്നെ, സ്വീകരിക്കുന്നവന് മാത്രമാണ് സന്തോഷിക്കാൻ അവകാശം. സ്നേഹ സങ്കൽപ്പത്തിലും കാണാം മാറി നടപ്പിന്റെ ലാളിത്യം . പ്രിയങ്ങളെ സ്നേഹമായി തെറ്റിദ്ധരിച്ച സംഘയാത്രയെ അവൻ തടഞ്ഞ്, ഉപാധികളില്ലാത്ത സ്നേഹമെന്ന പുതുവീഞ്ഞ് കാട്ടി മോഹിപ്പിക്കുന്നു .

അത്തരത്തിൽ ഒരു കാലത്തിനും തീരെ പരിചയമില്ലാത്ത ചില വീക്ഷണങ്ങളാണ് അധികാരത്തെക്കുറിച്ച് അവൻ ലോകത്തിന് മുന്നിൽ വച്ചത്. കീഴ്പ്പെടുത്തുന്ന മേൽക്കോയ്മയാണ് അധികാരം എന്ന് തെറ്റിദ്ധരിച്ച ഭൂമിയോട് അവൻ പറഞ്ഞു കൊണ്ടേയിരിക്കുന്നു , വിനീത ദാസനായി ഏവരും സ്വയം വർത്തിക്കുകയും നിലനിൽക്കുകയും ചെയ്യുക. വിധേയന്മാരെ സൃഷ്ടിക്കുകയല്ല, നട്ടെല്ല് നിവർന്ന, ആന്തരിക സ്വാതന്ത്ര്യം അനുഭവിക്കുന്ന മനുഷ്യരെ രൂപപ്പെടുത്താൻ പ്രേരകമായി നിലകൊള്ളുക എന്നതാണ് ശരിയായ അധികാര ധർമ്മമത്രെ.

## അധികാരത്തിന്റെ പുത്ര മുഖങ്ങൾ

ഉന്നതങ്ങളിൽ നിന്നയക്കപ്പെട്ടവൻ അത്യുന്നതന്റെ പ്രീതിക്കായ് നിലകൊള്ളുകയും അവിടത്തെ മനമറിഞ്ഞ് നീതി നടപ്പാക്കുകയും ചെയ്തതാണ് സുവിശേഷം . ഈ പരമ്പരയിലെ ഘോഷയാത്രയിൽ പെട്ടുപോയി എന്നതാണ് ഇന്നനുഭവിക്കുന്ന ദുഃഖം. തലമുറകളായി ചവിട്ടി കടന്നു പോകുന്ന വഴിയിലൂടെയാണ് യാത്ര. നൽകപ്പെടുന്ന അധികാരമിന്നില്ല , പിടിച്ചെടുക്കുന്ന —മുന്നിലുള്ള കസേര ലക്ഷ്യമിട്ടുള്ള മരണപാച്ചിലിൽ വഴിയരികിലുള്ള കാഴ്ചകളെല്ലാം മറഞ്ഞു പോകുന്ന — അധികാര മോഹമാണിന്നിന്റേത്. കുപ്പായത്തിനൊത്ത് അഴകളവുകളെ പരുവപ്പെടുത്തുന്നതിനിടയിൽ , കാതൽ ചോർന്ന കൽപ്പനകൾ ലംഘിക്കുന്നവരെ ഒറ്റുക്കൊടുക്കേണ്ടതുമുണ്ട്. അനുസരണം വലിയൊരു ഗുണമായെണ്ണുന്ന കാലത്ത് ചോദ്യം ചെയ്യാൻ മുതിർന്നതു കൊണ്ട് മാത്രം ജീവിതം തീണ്ടാടിപ്പോയവരുടെ എണ്ണം വർധിക്കുന്നു എന്നതും വലിയ പ്രതീക്ഷയാണ്. അത്തരക്കാരെ കുറിച്ച് കേൾക്കുമ്പോഴും കാണുമ്പോഴും വലിയൊരു ധൈര്യം തോന്നും . ഉന്നതങ്ങളിൽ നിന്ന് അയക്കപ്പെട്ടവർ തീരെയങ്ങ് അവശേഷിച്ചിട്ടില്ല... ■

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com